"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - പാരിപ്പള്ളി അമൃത സംസ്കൃതം ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്എസ്.ടി (സംസ്കൃതം) ശ്രീമതി. സറീന എസ്.പിള്ളയും മറ്റ് മൂന്നു പേരും ചേർന്ന് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 32302/2022-ന്റെ 12.10.2022-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1653/2023/GEDN തീയതി, തിരുവനന്തപുരം, 01-03-2023

പരാമർശം:-

1. പാരിപ്പള്ളി അമൃത സംസ്കൃതം ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.ടി.(സംസ്കൃതം) ശ്രീമതി.സറീന എസ്.പിള്ളയുടെ 03.03.2022-ലെ റിവിഷൻ ഹർജി (എക്സിബിറ്റ് പി 16)
2. പാരിപ്പള്ളി അമൃത സംസ്കൃതം ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.ടി.(സംസ്കൃതം) ശ്രീമതി.ആർ.സുജയുടെ 07.03.2022-ലെ റിവിഷൻ ഹർജി (എക്സിബിറ്റ് പി 17)
3. പാരിപ്പള്ളി അമൃത സംസ്കൃതം ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.ടി.(സംസ്കൃതം) ശ്രീമതി.എസ്.ബിന്ദുവിന്റെ 03.03.2022-ലെ റിവിഷൻ ഹർജി (എക്സിബിറ്റ് പി 18)

4 പാരിപ്പള്ളി അമൃത സംസ്കൃതം ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.ടി. (സംസ്കൃതം) ശ്രീമതി.ഡി.എസ്.ദീപാകുമാരിയുടെ 03.03.2022-ലെ റിവിഷൻ ഹർജി (എക്സിബിറ്റ് പി 19)

5 പാരിപ്പള്ളി അമൃത സംസ്കൃതം ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.ടി. (സംസ്കൃതം) ശ്രീമതി.സറീന എസ്.പിള്ളയും മറ്റ് മൂന്നു പേരും ചേർന്ന് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 32302/2022-ന്റെ 12.10.2022-ലെ വിധിന്യായം

6 കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 12.01.2023-ലെ ബി6/751507/2022 നമ്പർ കത്ത്

7 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13.01.2023-ലെ ഇറ്റി1/586/2023/ഡിജിഇ നമ്പർ കത്ത്

8 കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 13.01.2023-ലെ DDEKLM/5024/2022-B3 നമ്പർ കത്ത്

**ഉത്തരവ്**

ശ്രീമതി.സറീന എസ്.പിള്ള, എച്ച്.എസ്.ടി.(സംസ്കൃതം), ശ്രീമതി.ആർ.സുജ (ജൂനിയർ ലാംഗ്വേജ് ടീച്ചർ) , ശ്രീമതി. ബിന്ദു, എച്ച്.എസ്.ടി.(സംസ്കൃതം), ശ്രീമതി.ഡി.എസ്.ദീപാകുമാരി,

എച്ച്.എസ്.ടി.(സംസ്കൃതം) എന്നിവർ സംയുക്തമായി ബഹു.കേരളാ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 32302/2022-ന്റെ 12.10.2022-ലെ വിധിന്യായത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെ 16.01.2023-ൽ നേരിൽ കേൾക്കുകയുണ്ടായി.

2) ഹർജിക്കാരുടെ വാദങ്ങൾ താഴെ കൊടുക്കുന്നു:

"ഒന്നാം ഹർജിക്കാരിയായ ശ്രീമതി.സരീന എസ്.പിള്ള

"ശ്രീമതി.സരീന എസ് പിള്ളയെ മാനേജർ 28.08.2003 മുതൽ എൽ.ജി (സംസ്കൃതം) ടീച്ചർ അധിക തസ്തികയിൽ നിയമിച്ചു. നിയമന നിരോധനം 2003-ൽ നിലവിലില്ലായിരുന്നു. അതിനാൽ 28.08.2003 മുതൽ 31.03.2004 വരെയും തുടർന്ന് 02.06.2004 മുതൽ തുടർച്ചയായും എൽ.ജി സംസ്കൃതം ടീച്ചർ തസ്തികയിലെ നിയമനം അംഗീകരിച്ചിട്ടുള്ളതാണ്. ഇപ്രകാരം എൽ.ജി സംസ്കൃതം ടീച്ചർ തസ്തികയിൽ നിയമനാംഗീകാരത്തോടെ തുടരവെ ടിയാളെ 01.06.2005 മുതൽ അധികമായി അനുവദിച്ച എച്ച്.എസ്.ടി സംസ്കൃതം തസ്തികയിൽ മാനേജർ സ്ഥാനക്കയറ്റം നൽകി നിയമിച്ചു. എന്നാൽ ടി നിയമനം 01.06.2011 മുതൽ മാത്രമാണ് അംഗീകരിച്ചിട്ടുള്ളത്.

17.08.2005 -ലെ ജി.ഒ.(പി) 317/2005/പൊ.വി.വ പ്രകാരം അധിക തസ്തികയിലെ നിയമന നിരോധനം 2006-2007 വർഷം മുതൽ മാത്രമാണ് നിലവിൽ വന്നത് ഹർജിക്കാരിയെ എച്ച്.എസ്.ടി (സംസ്കൃതം) തസ്തികയിൽ ചട്ടം 4 3 അവകാശി എന്ന നിലയിൽ സ്ഥാനക്കയറ്റം നൽകി നിയമിക്കുമ്പോൾ മേൽപ്പറഞ്ഞ പ്രകാരമുള്ള നിയമന നിരോധനം നിലവിലില്ലായിരുന്നു. അതിനാൽ ഹർജിക്കാരിയുടെ എച്ച്.എസ്.ടി സംസ്കൃതം തസ്തികയിലെ സ്ഥാനക്കയറ്റ നിയമനം 01.06.2005 മുതൽ തന്നെ നിലവിലുള്ള ഉത്തരവ് പ്രകാരം അംഗീകരിക്കേണ്ടതാണ്. അതിനാൽ 01.06.2005 മുതലുള്ള എച്ച്.എസ്.ടി (സംസ്കൃതം) തസ്തികയിലെ സ്ഥാനക്കയറ്റ നിയമനം ചട്ടം 43 അവകാശിയാണ് എന്ന വസ്തുത കൂടി കണക്കിലെടുത്ത് 01.06.2005 മുതൽ തന്നെ അംഗീകരിക്കുന്നതിന് കൊല്ലം വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകാവുന്നതാണ്."

രണ്ടാം ഹർജിക്കാരിയായ ശ്രീമതി.ആർ.സുജ

"ശ്രീമതി.ആർ.സുജയെ മാനേജർ 26.08.2009 മുതൽ അധികമായി അനുവദിച്ച എൽ.ജി സംസ്കൃതം ടീച്ചർ തസ്തികയിൽ നിയമിച്ചു. എന്നാൽ ഈ നിയമനം അധിക തസ്തികയിലെ നിയമനമായതിനാൽ അംഗീകരിച്ചിരുന്നില്ല. ഹർജിക്കാരി നിയമനാംഗീകാരമില്ലാതെ എൽ.ജി സംസ്കൃതം ടീച്ചർ അധിക തസ്തികയിൽ തുടരവെ, ടിയാളെ മാനേജർ 01.06.2010 മുതൽ ശ്രീമതി.ബിന്ദു.എസ് എന്ന അദ്ധ്യാപികയെ എച്ച്.എസ്.എ (സംസ്കൃതം) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയതു മൂലമുണ്ടായ ഒഴിവിൽ നിയമിച്ചു. ടിയാളുടെ നിയമനം 01.06.2011 മുതൽ അധ്യാപക പാക്കേജിന്റെ അടിസ്ഥാനത്തിൽ അംഗീകരിച്ചിട്ടുള്ളതുമാണ്. അതിനാൽ രണ്ടാം ഹർജിക്കാരിയുടെ എൽ.ജി സംസ്കൃതം അധിക തസ്തികയിലെ 26.08.2009 മുതൽ 31.05.2010 വരെയുള്ള നിയമനവും, 01.06.2010 മുതൽ 31.05.2011

വരെയുള്ള ഇതേ തസ്തികയിലെ റഗുലർ ഒഴിവിലെ നിയമനവുമാണ് അംഗീകരിക്കേണ്ടത്."

**<u>മൂന്നാം ഹർജിക്കാരിയായ ശ്രീമതി.ബിന്ദു എസ്.</u>**

"ഹർ ജിക്കാരിയെ 18.07.2005 പ്രാബല്യത്തിൽ ശ്രീമതി.സറീന എസ്.പിള്ളയ്ക്ക് എച്ച്.എസ്.എ.(സംസ്കൃതം) തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ നിയമിച്ചു 18.07.2005-ൽ നിയമന നിരോധനം നിലവിലില്ലാതിരുന്നതിനാൽ ശ്രീമതി.സറീന എസ്.പിള്ളയുടെ പ്രൊമോഷൻ വേക്കൻസിയിലെ നിയമനം 18.07.2005 മുതൽ തന്നെ അംഗീകരിക്കാമായിരുന്നു. എന്നാൽ ഈ നിയമനം 18.07.2005 മുതൽ അംഗീകരിക്കാതിരുന്ന സാഹചര്യത്തിൽ ഹർജിക്കാരിയെ 05.06.2006 പ്രാബല്യത്തിൽ എൽ.ജി (സംസ്കൃതം) ടീച്ചർ അധിക തസ്തികയിൽ മാനേജർ നിയമിച്ചു 05.06.2006 മുതലുള്ള നിയമനം അധിക തസ്തികയിലെ നിയമനമായിരുന്നതിനാൽ നിയമന നിരോധനം നിലനിൽക്കുന്ന സാഹചര്യത്തിൽ നിയമനം അംഗീകരിച്ചിരുന്നില്ല. തുടർന്ന് ഹർജിക്കാരിയെ 01.06.2007 പ്രാബല്യത്തിൽ വിരമിക്കൽ മൂലമുണ്ടായ എൽ.ജി.സംസ്കൃതം ടീച്ചർ തസ്തികയിൽ നിയമിച്ചു. പ്രസ്തുത നിയമനം വിരമിക്കൽ ഒഴിവിലെ നിയമനമായതിനാൽ 01.06.2007 പ്രാബല്യത്തിൽ തന്നെ എൽ.ജി സംസ്കൃതം തസ്തികയിൽ അംഗീകരിച്ചിട്ടുള്ളതാണ്. അപ്രകാരം 01.06.2007 മുതൽ നിയമനാംഗീകാരത്തോടെ തുടരവെ 02.06.2008 മുതൽ എച്ച്.എസ്.എ. (സംസ്കൃതം) അദ്ധ്യാപികയായിരുന്ന ശ്രീമതി.മീര എസ്.ആർ. ദീർഘകാല അവധിയിൽ പ്രവേശിച്ച ഒഴിവിൽ നിയമിച്ചു. എന്നാൽ ആ നിയമനം അംഗീകരിച്ചിരുന്നില്ല. തുടർന്ന് ശ്രീമതി.ബിന്ദു എസ്.നെ 01.06.2009 മുതൽ പുതുതായി അനുവദിച്ച എച്ച്.എസ്.എ.(സംസ്കൃതം) തസ്തികയിൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചു. തുടർന്ന് ടീച്ചേഴ്സ് പാക്കേജ് 01.06.2011 മുതൽ നടപ്പിൽ വന്നതിനെ തുടർന്ന് 01.06.2011 പ്രാബല്യത്തിൽ എച്ച്.എസ്.എ.(സംസ്കൃതം) തസ്തികയിലെ ശ്രീമതി.ബിന്ദു എസ്.ന്റെ നിയമനം കൊല്ലം ജില്ലാവിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടുള്ളതാണ്.

18.07.2005 പ്രാബല്യത്തിൽ ഒന്നാം ഹർജിക്കാരിയായ ശ്രീമതി.സറീന എസ്.പിള്ളയെ എച്ച്.എസ്.എ (സംസ്കൃതം) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിലാണ് എൽ.ജി സംസ്കൃതം അദ്ധ്യാപികയായി ശ്രീമതി.ബിന്ദു എസ്.നെ ആദ്യമായി നിയമിക്കുന്നത്. 18.07.2005 മുതലുള്ള ശ്രീമതി.സറീന എസ്.പിള്ളയുടെ സ്ഥാനക്കയറ്റ നിയമനം അംഗീകരിക്കുന്നതിന് തടസ്സങ്ങളൊന്നും ഇല്ലാത്തതിനാൽ ശ്രീമതി.ബിന്ദുവിന്റെ 18.07.2005 മുതലുള്ള എൽ.ജി (സംസ്കൃതം) ടീച്ചർ തസ്തികയിലെ നിയമനം തുടർച്ചയായി അംഗീകരിക്കാവുന്നതാണ്. അതിനാൽ ഇതിനിടയിൽ 01.06.2010 മുതൽ എച്ച്.എസ്.എ സംസ്കൃതം അധിക തസ്തികയിൽ നിയമിക്കുന്നതുവരെ എൽ.ജി സംസ്കൃതം ടീച്ചർ തസ്തികയിലെ മറ്റ് നിയമനങ്ങൾ അംഗീകരിക്കേണ്ടതില്ല. 18.07.2005 മുതൽ എൽ.ജി സംസ്കൃതം അദ്ധ്യാപികയായി തുടർച്ചയായ നിയമനാംഗീകാരം ഹർജിക്കാരിക്ക് നൽകി ഉത്തരവാകാവുന്നതും 01.06.2009 മുതൽ എച്ച്.എസ്.എ (സംസ്കൃതം) അധിക തസ്തികയിലെ സ്ഥാനക്കയറ്റ നിയമനം 01.06.2011 മുതൽ അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിൽ 01.06.2009 മുതൽ 31.05.2011 വരെയുള്ള എച്ച്.എസ്.എ തസ്തികയിലെ നിയമനം മാനേജർ ബോണ്ട് സമർപ്പിച്ചതായി

പരിഗണനയിലെടുത്ത് അംഗീകരിച്ച് ഉത്തരവാകാവുന്നതുമാണ്."

<u>നാലാം ഹർജിക്കാരിയായ ശ്രീമതി.ദീപാകുമാരി ഡി.എസ്</u>

"നാലാം ഹർജിക്കാരിയായ ശ്രീമതി.ദീപാകുമാരി.ഡി.എസ്.നെ 29.01.2005 പ്രാബല്യത്തിൽ ശ്രീമതി.മീര എസ്.ആർ.നെ എച്ച്.എസ്.എ.(സംസ്കൃതം) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിൽ മാനേജർ നിയമിച്ചു. എന്നാൽ ശ്രീമതി.മീര എസ്.ആർ.ന്റെ സ്ഥാനക്കയറ്റം അംഗീകരിച്ചിട്ടില്ലാത്തതിനാൽ ഹർജിക്കാരിയെ 02.06.2005 പ്രാബല്യത്തിൽ എൽ.ജി. (സംസ്കൃതം) അദ്ധ്യാപികയായി നിയമിച്ചു. 02.06.2005-ൽ അഡീഷണൽ തസ്തികയിൽ നിയമന നിരോധനം നിലവിലില്ലാതിരുന്നതിനാൽ 02.06.2005 മുതലുള്ള എൽ.ജി (സംസ്കൃതം) തസ്തികയിലെ നിയമനം മറ്റ് തടസ്സങ്ങളൊന്നും ഇല്ലാത്തതിനാൽ അംഗീകരിക്കപ്പെടേണ്ടതാണ്. അപ്രകാരം എൽ.ജി(സംസ്കൃതം) തസ്തികയിൽ തുടരവെ ഹർജിക്കാരിയെ 05.06.2006 മുതൽ എച്ച്.എസ്.എ(സംസ്കൃതം) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ചു. അതിനാൽ മാനേജർ ബോണ്ട് കൊടുത്തതായി പരിഗണനയിലെടുത്ത് (deeming provision) 4-ാംഹർജിക്കാരിയായ ശ്രീമതി.ദീപാകുമാരി ഡി.എസ്.ന്റെ 29.01.2005 മുതൽ 04.06.2006 വരെയുള്ള എൽ.ജി (സംസ്കൃതം) ടീച്ചർ തസ്തികയിലെ നിയമനവും, 05.06.2006 മുതലുള്ള എച്ച്.എസ്.എ (സംസ്കൃതം) തസ്തികയിലെ നിയമനവും അംഗീകരിച്ച് ഉത്തരവാകാവുന്നതാണ്. എന്നാൽ ഈ നിയമനം നിയമന നിരോധന കാലയളവിലെ നിയമനമായതിനാൽ തുടർന്നുണ്ടായ ടീച്ചേഴ്സ് പാക്കേജിൽപ്പെടുത്തി 01.06.2011 മുതൽ അംഗീകരിച്ചിട്ടുള്ളതുമാണ്. അതിനാൽ ഹർജിക്കാരിയുടെ 02.06.2005 പ്രാബല്യത്തിലുള്ള എൽ.ജി(സംസ്കൃതം) തസ്തികയിലെ നിയമനം, നിയമന നിരോധനം നിലനിൽക്കുന്ന കാലയളവിലെ നിയമനമല്ലാത്തതിനാൽ 02.06.2005 മുതൽ തന്നെ അംഗീകരിക്കേണ്ടതും തുടർന്ന് 05.06.2006 പ്രാബല്യത്തിലുള്ള നിയമന നിരോധന കാലയളവിലെ എച്ച്.എസ്.എ (സംസ്കൃതം) അധിക തസ്തികയിലെ നിയമനം 31.05.2011 വരെ മാനേജർ ബോണ്ട് കൊടുത്തതായി പരിഗണനയിലെടുത്ത് അംഗീകരിക്കേണ്ടതുമാണ്."

17.08.2005-ലെ ജി.ഒ.(പി) 317/2005/പൊ.വി.വ പ്രകാരം 2006-2007 മുതൽ നിയമന നിരോധനം നിലവിൽ വന്നത്. തുടർന്ന് സർക്കാർ പുറപ്പെടുവിച്ച 12.01.2010-ലെ ജി.ഒ.(പി).10/10/പൊ.വി.വ പ്രകാരം നിയമന നിരോധനം മുൻകാല പ്രാബല്യത്തിൽ സർക്കാർ പിൻവലിക്കുകയും നിയമന നിരോധന കാലയളവിൽ നടത്തിയ നിയമനങ്ങൾക്ക് തത്തുല്യമായ എണ്ണം സംരക്ഷിത അദ്ധ്യാപകരെ 01.06.2010 മുതൽ ഉണ്ടായ ഒഴിവിലേക്ക് മാനേജർ നിയമിക്കാമെന്ന് സമ്മതിച്ചുകൊണ്ടുള്ള ബോണ്ട് സമർപ്പിക്കുന്ന മുറയ്ക്ക് അംഗീകരിക്കാമെന്നും സർക്കാർ ഉത്തരവായിട്ടുള്ളതാണ്. എന്നാൽ മാനേജർ ഇപ്രകാരം ബോണ്ട് സമർപ്പിച്ചിട്ടില്ല. ഇക്കാരണത്താലാണ് 2, 3, 4 ഹർജിക്കാരുടെ അധിക തസ്തികയിലെ നിയമനങ്ങൾ അംഗീകരിക്കാതിരുന്നത്. പ്രസ്തുത നിയമനങ്ങൾ 01.06.2011 മുതൽ ടീച്ചേഴ്സ് പാക്കേജ് നിലവിൽ വന്ന തീയതി മുതൽ അംഗീകരിച്ചിട്ടുള്ളതുമാണ്.

മാനേജർ ബോണ്ട് സമർപ്പിച്ചിട്ടില്ല എന്ന കാരണത്താൽ നിയമന നിരോധന കാലയളവിലെ

നിയമനങ്ങൾ അംഗീകരിക്കാത്ത സാഹചര്യത്തിൽ ഇപ്രകാരം അംഗീകാരം നിഷേധിക്കപ്പെട്ട അദ്ധ്യാപകർ ഹൈക്കോടതിയിൽ നിരവധി റിട്ട് ഹർജികൾ സമർപ്പിക്കുകയും മാനേജർ ബോണ്ട് കൊടുത്തതായി പരിഗണനയിലെടുത്ത് നിയമനങ്ങൾ അംഗീകരിക്കുന്നതിന് വിധിയായിട്ടുള്ളതുമാണ്.

ഹർജിക്കാർ ഫയൽ ചെയ്ത പരിഗണനാവിഷയമായ WP(C) No.32302/2022-ലെ വിധിന്യായത്തിൽ മാനേജർ 12.01.2010-ലെ ജി.ഒ.(പി).10/10/പൊ.വി.വ പ്രകാരമുള്ള ബോണ്ട് സമർപ്പിച്ചതായി പരിഗണനയിലെടുത്തും ബോണ്ടിലെ വ്യവസ്ഥകൾ മാനേജർക്ക് ബാധകമാക്കി (deeming provision) നിയമന നിരോധന കാലയളവുകളിലെ ഹർജിക്കാരുടെ നിയമനങ്ങൾ അംഗീകരിക്കുന്നതിന് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ഇപ്രകാരം വ്യക്തമായ നിർദ്ദേശം നൽകികൊണ്ടുള്ള കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇത്തരം നിയമനങ്ങൾ എല്ലാം തന്നെ സർക്കാർ അംഗീകരിക്കുന്നുമുണ്ട്.

ഹർജിക്കാരുടെ നിയമനങ്ങൾ മേൽവിവരിച്ച വസ്തുതകൾ കണക്കിലെടുത്ത് താഴെപറയും പ്രകാരം അംഗീകരിച്ച് ഉത്തരവാകാവുന്നതാണ് -

ഒന്നാം ഹർജിക്കാരിയായ ശ്രീമതി.സറീന എസ്.പിള്ളയുടെ 01.06.2005 പ്രാബല്യത്തിലുള്ള എച്ച്.എസ്.എ.(സംസ്കൃതം) അഡീഷണൽ തസ്തികയിലെ നിയമനം നിയമന നിരോധന കാലയളവിൽപ്പെട്ട നിയമനമല്ലാത്തതിനാലും ഈ നിയമനം അംഗീകരിക്കുന്നതിന് യാതൊരു തടസ്സങ്ങളും നിലവിലില്ലാതിരുന്നതിനാലും 01.06.2011 മുതൽ മാത്രം പ്രസ്തുത നിയമനം അംഗീകരിച്ചിട്ടുള്ളതിനാലും 01.06.2005 മുതൽ 31.05.2011 വരെയുള്ള എച്ച്.എസ്.എ സംസ്കൃതം തസ്തികയിലെ ശ്രീമതി.സറീന എസ്.പിള്ളയുടെ നിയമനം അംഗീകരിച്ച് ഉത്തരവാകാവുന്നതാണ്.

രണ്ടാം ഹർജിക്കാരിയായ ശ്രീമതി.സുജ ആർ.ന്റെ എൽ.ജി (സംസ്കൃതം) അദ്ധ്യാപക തസ്തികയിലെ 26.08.2009 പ്രാബല്യത്തിലുള്ള അധിക തസ്തികയിലെ നിയമനം 26.08.2009 മുതൽ 31.05.2010 വരെയും തുടർന്ന് 01.06.2010 മുതൽ ഇതേ തസ്തികയിലെ ശ്രീമതി.ബിന്ദു എസ്.ന്റെ എച്ച്.എസ്.എ (സംസ്കൃതം) തസ്തികയിലെ സ്ഥാനക്കയറ്റം മൂലം ഉണ്ടായ ഒഴിവിലെ നിയമനവും മാനേജർ ബോണ്ട് കൊടുത്തതായി പരിഗണനയിലെടുത്ത് 31.05.2011 വരെയും അംഗീകരിച്ച് ഉത്തരവാകാവുന്നതാണ്.

മൂന്നാം ഹർജിക്കാരിയായ ശ്രീമതി.ബിന്ദു എസ്.ന്റെ നിയമനം 18.07.2005 മുതൽ പ്രാബല്യത്തിൽ ശ്രീമതി.സരീന എസ്.പിള്ളയ്ക്ക് എച്ച്.എസ്.എ.(സംസ്കൃതം) തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ചതു മൂലമുണ്ടായ ഒഴിവിലെ നിയമനമായതിനാലും പ്രസ്തുത നിയമനം, നിയമന നിരോധനമില്ലാതിരുന്ന കാലയളവിലെ നിയമനമായതിനാലും പ്രസ്തുത നിയമനം 18.07.2005 മുതൽ തന്നെ എൽ.ജി (സംസ്കൃതം) ടീച്ചർ തസ്തികയിൽ അംഗീകരിക്കാവുന്നതും തുടർന്ന് 01.06.2009 മുതൽ 31.05.2011 വരെയുള്ള എച്ച്.എസ്.എ (സംസ്കൃതം) അധിക തസ്തികയിലെ നിയമനം മാനേജർ ബോണ്ട് സമർപ്പിച്ചതായി പരിഗണനയിലെടുത്ത് അംഗീകരിച്ച് ഉത്തരവാകാവുന്നതാണ്.

4-ാം ഹർജിക്കാരിയായ ശ്രീമതി.ദീപാകുമാരി ഡി.എസ്.ന്റെ 29.01.2005 മുതൽ 04.06.2006 വരെയുള്ള എൽ.ജി(സംസ്കൃതം) ടീച്ചർ തസ്തികയിലെ നിയമനവും 05.06.2006 മുതലുള്ള എൽ.ജി(സംസ്കൃതം) ടീച്ചർ തസ്തികയിലെ നിയമനവും 05.06.2006 മുതലുള്ള എച്ച്.എസ്.എ.(സംസ്കൃതം) തസ്തികയിലെ നിയമനവും മാനേജർ ബോണ്ട് കൊടുത്തതായി പരിഗണനയിലെടുത്ത് (deeming provision) അംഗീകരിച്ച് ഉത്തരവാകാവുന്നതാണ്.

മേൽപ്പറഞ്ഞ പ്രകാരം 1 മുതൽ 4 വരെയുള്ള ഹർജിക്കാരുടെ നിയമനങ്ങൾ അംഗീകരിക്കണമെന്നും തദനുസൃതമായ നിർദ്ദേശം കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകി കോടതി വിധി നടപ്പാക്കണമെന്നും അപേക്ഷിക്കുന്നു."

**3) പൊതുവിദ്യാഭ്യാസ ഡയറക്ടർ, കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ, എന്നിവരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു**

"കൊല്ലം പാരിപ്പള്ളി അമൃതാ ഹയർ സെക്കന്ററി സ്കൂളിൽ പ്രതീക്ഷിക്കപ്പെടുന്ന അധിക തസ്തികയിൽ താഴെ സൂചിപ്പിച്ചിരിക്കുന്ന അധ്യാപകരെ, ടിയാളുടെ പേരിന് നേരെ സൂചിപ്പിച്ചിരിക്കുന്ന തസ്തികയിൽ മാനേജർ നിയമിച്ചു.

1. ശ്രീമതി.സറീന എസ്.പിള്ളയെ എൽ.ജി (സംസ്കൃതം) അധ്യാപികയായി 28.03.2003 മുതൽ 2003-0 4 വർഷത്തെ അധിക തസ്തികയിൽ മാനേജർ നിയമിക്കുകയും, ടി നിയമനം കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസിൽ നിന്നും അംഗീകരിച്ച് നൽകുകയും ചെയ്തു. പിന്നീട് 2005-06 വർഷത്തിൽ, 01.06.2005 മുതൽ അധിക തസ്തികയിൽ എച്ച്എസ്.ടി (സംസ്കൃതം) ആയി ടിയാരിയെ നിയമിക്കുകയും ടി നിയമനം കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും വ്യവസ്ഥാപിതമായ ഒഴിവില്ല എന്ന കാരണത്താൽ നിരസിക്കുകയും ചെയ്തു.

2 . ശ്രീമതി.ബിന്ദു എസ്.നെ 18.07.2005 മുതൽ എൽ.ജി (സംസ്കൃതം) ആയി ശ്രീമതി സറീന എസ്.പിള്ളയ്ക്ക് എച്ച്.എസ്.ടി.(സംസ്കൃതം) ആയി പ്രൊമോഷൻ നൽകിയ ഒഴിവിൽ മാനേജർ നിയമിച്ചു ടി നിയമനവും കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും വ്യവസ്ഥാപിതമായ ഒഴിവില്ലാത്ത കാരണത്താൽ നിരസിച്ചു.

3 . ശ്രീമതി.സുജ ആർ.നെ എൽ.ജി.(സംസ്കൃതം) ആയി 26.08.2009 മുതൽ 2009-10 വർഷത്തെ അധിക തസ്തികയിൽ മാനേജർ നിയമിക്കുകയും ടി നിയമനവും താഴെ സൂചിപ്പിക്കുന്ന കാരണങ്ങൾ ചൂണ്ടിക്കാട്ടി കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസിൽ നിന്നും നിരസിച്ചിരുന്നു.

a. 12.01.2010-ലെ ജി.ഒ.(പി) 10/10/പൊ.വി.വ ഖണ്ഡിക V പ്രകാരം മാനേജർ ഡിക്ലറേഷൻ സമർപ്പിച്ചിട്ടില്ല.

b. സീനിയർ നിയമനാർത്ഥികളുടെ നിയമനം അംഗീകരിക്കപ്പെട്ടില്ല.

4 . ശ്രീമതി.ദീപാകുമാരിയെ 29.01.2005 മുതൽ എൽ.ജി.(സംസ്കൃതം) ആയി 2004-05 വർഷത്തെ അധിക തസ്തികയിൽ നിയമിച്ചു. മാനേജർ ടിയാരിയുടെ നിയമനം പിന്നീട് 12.01.2006-ൽ ടി സ്കൂളിലെ ശ്രീമതി.മീര എസ്.ആർ.ന്റെ പ്രൊമോഷൻ ഒഴിവിലേക്ക് മാറ്റി ക്രമീകരിച്ചു. അതിനാൽ അധിക തസ്തികയിലെ നിയമന അപേക്ഷ മാനേജർക്ക് മടക്കി നൽകി. ശ്രീമതി.മീര എസ്.ആർ.ന്റെ എച്ച്.എസ്.ടി.(സംസ്കൃതം) ആയുള്ള പ്രൊമോഷൻ നിയമനം അംഗീകരിക്കപ്പെടാത്തതിനെ തുടർന്ന് ശ്രീമതി ദീപാകുമാരിയുടെ 29.01.2005 മുതൽ ഉള്ള നിയമനത്തിന് അംഗീകാരം ലഭിച്ചിട്ടില്ല

പാരിപ്പള്ളി അമൃത സംസ്കൃതം ഹയർ സെക്കന്ററി സ്കൂൾ പുതുതായി ഉയർത്തപ്പെട്ട സ്കൂൾ വിഭാഗത്തിൽ ഉൾപ്പെടുന്നതാണ്. ഇത്തരം സ്കൂളുകളിൽ ഉണ്ടായ ഒഴിവുകൾ എല്ലാം സംരക്ഷിതാദ്ധ്യാപകർ മൂലം നികത്തണമെന്ന സർക്കാരിന്റെ 28.06.2022-ലെ സ.ഉ.(അ)178/2002/പൊ.വി.വ നിലനിന്നിരുന്നതിനാൽ മേൽ സൂചിപ്പിച്ച അധ്യാപകരുടെ നിയമനം കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസിൽ നിന്നും നിരസിച്ചിരുന്നു. പിന്നീട് 12.01.2010-ലെ ജി.ഒ.(പി)10/10/പൊ.വി.വ പ്രകാരം, 2006-07 വർഷം മുതൽ 2009-10 വരെയുള്ള അധ്യയന വർഷങ്ങളിൽ, എയ്ഡഡ് സ്കൂളുകളിലെ തസ്തിക നിർണ്ണയം പുനഃപരിശോധിച്ച് അനുവദനീയമായ തസ്തികകൾ അനുവദിക്കാനും അതനുസരിച്ച് അനുവദിക്കപ്പെട്ട അധിക തസ്തികകളിൽ ഉൾപ്പെടെ, തൊട്ടടുത്ത വർഷം മുതൽ പ്രസ്തുത സ്കൂളിൽ ഉണ്ടാകുന്ന പുതിയ ഒഴിവുകളിൽ മേൽപ്പറഞ്ഞ അധിക തസ്തികകളിൽ നിയമിക്കപ്പെട്ടവർക്ക് തുല്യമായ എണ്ണം സംരക്ഷിത അധ്യാപകരെ നിയമിക്കാം എന്ന് സമ്മതിച്ച് കൊണ്ടുള്ള നോട്ടറി സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള സമ്മതപത്രം ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിക്കണം എന്ന വ്യവസ്ഥ ഉൾക്കൊള്ളിച്ച് കൊണ്ട് നിയമനം അംഗീകരിച്ച് നൽകാൻ സർക്കാർ നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പാരിപ്പള്ളി അമൃതാ സംസ്കൃതം ഹയർ സെക്കന്ററി സ്കൂളിലെ മാനേജർ നിശ്ചിത ബോണ്ട് ആഫീസ് മുമ്പാകെ സമർപ്പിക്കുകയുണ്ടായില്ല. മേൽ സാഹചര്യത്തിൽ 1.10.2011-ലെ സ.ഉ.(പി)199/2011/പൊ.വി.വ പ്രകാരം, അധ്യാപക പാക്കേജ് നിലവിൽ വരികയും മേൽ സൂചിപ്പിച്ച അധ്യാപകരായ

1. ശ്രീമതി.സറീന എസ്.പിള്ള, എച്ച്.എസ്.ടി (സംസ്കൃതം)
2. ശ്രീമതി.ആർ.സുജ, എൽ ജി (സംസ്കൃതം)
3. ശ്രീമതി.എസ്.ബിന്ദു, എച്ച്.എസ്.ടി (സംസ്കൃതം)
4. ശ്രീമതി.ഡി.എസ്.ദീപാകുമാരി, എച്ച്.എസ്.ടി (സംസ്കൃതം)

എന്നിവരുടെ പേര് ടി പാക്കേജിൽ ഉൾപ്പെട്ടതിനെ തുടർന്ന് ടി അധ്യാപകരുടെ നിയമനം 01.06.2011 മുതൽ അംഗീകരിച്ച് നൽകുകയും ചെയ്തു.

എന്നാൽ ഇപ്പോൾ, മേൽ സൂചിപ്പിച്ച അധ്യാപകരുടെ നിയമന തീയതിയായ 01.06.2010 മുതൽ ടി അധ്യാപകരുടെ നിയമനം അംഗീകരിക്കണം എന്നാണ് ടിയാളുകൾ സർക്കാരിലേക്ക്

സമർപ്പിച്ചിരിക്കുന്ന റിവിഷൻ ഹർജികളിലെ ആവശ്യം."

**4) കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ താഴെ പറയും പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്**

"പരാതിക്കാരിൽ ശ്രീമതി.സറീന എസ്.പിള്ള, ശ്രീമതി.എസ്.ബിന്ദു എന്നിവർ ജൂനിയർ ലാംഗ്വേജ് സംസ്കൃത അധ്യാപക തസ്തികയിൽ അംഗീകൃത സേവനത്തോടെ തുടർന്ന് വരുന്ന അധ്യാപകർ ആയതിനാൽ ടിയാളുകളുടെ ചട്ടം 4 3 പ്രകാരമുള്ള മുൻഗണനാവകാശം പരിഗണിച്ച് ടിയാളുകളെ 12.01.2010-ലെ ജി.ഒ.(പി)നം.10/10/പൊ.വി.വ പ്രകാരമുള്ള ബോണ്ട് വ്യവസ്ഥയിൽ നിന്ന് ഒഴിവാക്കാവുന്നതും, എച്ച്.എസ്.റ്റി (സംസ്കൃതം) തസ്തികയിൽ വ്യവസ്ഥാപിതമായ ഒഴിവ് ലഭ്യമാണെങ്കിൽ ടിയാളുകളുടെ നിയമനം, നിയമന തീയതി മുതൽ തന്നെ അംഗീകാരത്തിനായി പരിഗണിക്കാൻ കഴിയുന്നതുമാണ്.

17.08.2005-ലെ ജി.ഒ.(പി)നം.317/2005/പൊ.വി.വ.ലെ മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പാരിപ്പള്ളി അമൃത സംസ്കൃത ഹൈസ്കൂളിൽ 2006-07 മുതൽ 2009-2010 വരെയുള്ള കാലയളവിൽ നിയമനം നേടുകയും, പിന്നീട് അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി 01.06.2011 മുതൽ നിയമനാംഗീകാരം ലഭിക്കുകയും ചെയ്തിട്ടുള്ള പല അദ്ധ്യാപകരും പിന്നീട് നിയമന തീയതി മുതലുള്ള നിയമനാംഗീകാരം ആവശ്യപ്പെട്ടുകൊണ്ട് ബഹു.കേരള ഹൈക്കോടതി മുൻപാകെ റിട്ട് ഹർജികൾ ഫയൽ ചെയ്യുകയും ബന്ധപ്പെട്ട കേസുകളിലെ വിധിന്യായാനുസരണം, 12.01.2010-ലെ ജി.ഒ.(പി)നം.10/10/പൊ.വി.വ പ്രകാരമുള്ള ബോണ്ട് സ്കൂൾ മാനേജർ സമർപ്പിച്ചതായി കണക്കാക്കി വിവിധ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നിയമന തീയതി മുതൽ തന്നെ അവരുടെ നിയമനാംഗീകാരം നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്. ടി സ്കൂളിലെ സമാന കേസുകളിൽ ബാധകമാക്കിയിട്ടുള്ള 'DEEMING PROVISION' ടി കേസിലെ പരാതിക്കാരായ ശ്രീമതി ആർ.സുജ, ശ്രീമതി ഡി.എസ്.ദീപാകുമാരി എന്നിവരുടെ നിയമന വിഷയത്തിലും ബാധകമാക്കാവുന്നതാണ്. വ്യവസ്ഥാപിതമായ ഒഴിവ് ലഭ്യമാണെങ്കിൽ, 'DEEMING PROVISION' ബാധകമാക്കി ശ്രീമതി.ആർ.സുജ, ശ്രീമതി.ഡി.എസ്.ദീപാകുമാരി എന്നിവരുടെ നിയമനങ്ങളും നിയമന തീയതി മുതൽ തന്നെ അംഗീകാരത്തിനായി പരിഗണിക്കാൻ കഴിയുന്നതാണെന്ന് വിലയിരുത്തുന്നു."

**5)** സർക്കാർ പ്രസ്തുത വിഷയം, ഹിയറിംഗ് സമയത്തെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, സർക്കാർ ഉത്തരവുകൾ, കേരള വിദ്യാഭ്യാസ ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. താഴെപ്പറയും പ്രകാരം നടപടി സ്വീകരിക്കുന്നതിന് കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, ഹർജിക്കാർ ഫയൽ ചെയ്ത എക്സിബിറ്റ് പി 16 മുതൽ പി 19 വരെയുള്ള റിവിഷൻ ഹർജികൾ തീർപ്പാക്കി, അപ്രകാരം പാരിപ്പള്ളി അമൃത സംസ്കൃതം ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.ടി.(സംസ്കൃതം) ശ്രീമതി.സറീന എസ്.പിള്ളയും മറ്റ് മൂന്നു പേരും ചേർന്ന് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 32302/2022-ന്റെ 12.10.2022-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**i.** ശ്രീമതി.സറീന എസ്.പിള്ള, ശ്രീമതി.ബിന്ദു എസ്. എന്നിവർ ജൂനിയർ ലാംഗ്വേജ് സംസ്കൃത അദ്ധ്യാപക തസ്തികയിൽ അംഗീകൃത സേവനത്തോടെ തുടർന്ന് വന്നിരുന്നതിനാൽ ടിയാളുകൾ ചട്ടം 4 3 അവകാശികളാണ് എന്ന വസ്തുത പരിഗണിച്ച് ടിയാളുകളെ 12.01.2010 -ലെ ജി.ഒ (പി) നം.10/10/പൊ.വി.വ പ്രകാരമുള്ള ബോണ്ട് വ്യവസ്ഥയിൽ നിന്നും ഒഴിവാക്കി എച്ച്.എസ്.ടി.(സംസ്കൃതം) തസ്തികയിൽ വ്യവസ്ഥാപിതമായ ഒഴിവ് ലഭ്യമാണെങ്കിൽ, മറ്റു വിധത്തിൽ ക്രമപ്രകാരമാണെങ്കിൽ ടിയാളുകളുടെ നിയമനം നിയമന തീയതി മുതൽ തന്നെ അംഗീകരിക്കേണ്ടതാണ്.

**ii.** ശ്രീമതി.ആർ.സുജ, ശ്രീമതി.ഡി.എസ്.ദീപാകുമാരി എന്നിവരുടെ നിയമനാംഗീകാര വിഷയത്തിൽ 12.01.2010-ലെ ജി.ഒ (പി) നം.10/2010/പൊ.വി.വ പ്രകാരമുള്ള ബോണ്ട് സ്കൂൾ മാനേജർ സമർപ്പിച്ചതായി കണക്കാക്കി, വ്യവസ്ഥാപിതമായ ഒഴിവ് ലഭ്യമാണെങ്കിൽ, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ ടിയാളുകളുടെ നിയമനവും നിയമനതീയതി മുതൽ തന്നെ അംഗീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, അമൃത സംസ്കൃതം ഹയർ സെക്കണ്ടറി സ്കൂൾ, പാരിപ്പള്ളി, കൊല്ലം.
പ്രിൻസിപ്പാൾ, അമൃത സംസ്കൃതം ഹയർ സെക്കണ്ടറി സ്കൂൾ, പാരിപ്പള്ളി, കൊല്ലം.
വൈസ് പ്രിൻസിപ്പാൾ/ഹെഡ്മിസ്ട്രസ്സ്, അമൃത സംസ്കൃതം ഹയർ സെക്കണ്ടറി സ്കൂൾ, പാരിപ്പള്ളി, കൊല്ലം.
ശ്രീമതി.സരീന എസ്.പിള്ള, എച്ച്.എസ്.ടി (സംസ്കൃതം), "
ശ്രീമതി.ബിന്ദു എസ്., എച്ച്.എസ്.ടി (സംസ്കൃതം), "
ശ്രീമതി.ആർ.സുജ, എൽ.ജി. (സംസ്കൃതം), "
ശ്രീമതി.ഡി.എസ്.ദീപാകുമാരി, എച്ച്.എസ്.ടി (സംസ്കൃതം), "
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Shahna Kumari S L
Date: 01-03-2023 15:38:33
സെക്ഷൻ ഓഫീസർ